## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *142** — **02.07.2015-ൽ മറുപടിക്ക്**

### ശുചിത്വമിഷന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| 1. ശ്രീ. എസ്.രാജേന്ദ്രൻ<br>2. „ . കെ.സുരേഷ് കുറുപ്പ്<br>3. „ ബി.സത്യൻ<br>4. „ കെ.കുഞ്ഞിരാമൻ (ഉദുമ) | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) ശുചിത്വമിഷൻ നടപ്പാക്കി വരുന്ന വിവിധ പദ്ധതികളുടെ വിശദാംശം നൽകാമോ; | (എ) ശുചിത്വമിഷൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ ചുവടെപ്പറയുന്നവയാണ്.<br>1) **സംസ്ഥാന പ്ലാൻ ഫണ്ട് പദ്ധതികൾ**<br>i. നഗരപ്രദേശങ്ങളിലെ മാലിന്യ പരിപാലന പദ്ധതികൾ.<br>ii. ഗ്രാമ പ്രദേശങ്ങളിലെ മാലിന്യ പരിപാലന പദ്ധതികൾ<br>iii. ശാസ്താംകോട്ട തടാക പാരിസ്ഥിതിക പുനരുജ്ജീവനം<br>2) **കേന്ദ്രാവിഷ്കൃത പദ്ധതികൾ**<br>i. സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ)<br>ii. സ്വച്ഛ് ഭാരത് മിഷൻ (അർബൻ)<br>iii. കമ്മ്യൂണിക്കേഷൻ & കപ്പാസിറ്റി ഡവലപ്മെന്റ് യൂണിറ്റ് (സാനിട്ടേഷൻ)<br>iv. ഇന്റഗ്രേറ്റഡ് ലോ കോസ്റ്റ് സാനിട്ടേഷൻ |

(ബി) **സംസ്ഥാനത്തിന്റെ പ്രത്യേക പരിത: സ്ഥിതി കണക്കിലെടുത്തുകൊണ്ടുള്ള പദ്ധതികളാണോ ശുചിത്വ മിഷൻ നടപ്പാക്കുന്നതെന്ന് വ്യക്തമാക്കാമോ?**

(ബി) സംസ്ഥാനത്തിന്റെ പ്രത്യേക പരിതസ്ഥിതി കണക്കിലെടുത്തുകൊണ്ടുള്ള പദ്ധതികളാണ് ശുചിത്വമിഷൻ മുഖാന്തിരം നടപ്പിലാക്കി വരുന്നത്. കേരളത്തിന്റെ സവിശേഷ സാഹചര്യം കണക്കിലെടുത്ത് മാലിന്യങ്ങൾ വികേന്ദ്രീകൃതമായി ഉറവിടത്തിൽ തന്നെ തരംതിരിച്ച് സംസ്കരിക്കുക എന്നലക്ഷ്യം മുൻ നിർത്തി നഗരസഭകളിൽ ഉറവിട മാലിന്യ സംസ്കരണ പദ്ധതി വിജയകരമായി നടപ്പിലാക്കി വരുന്നുണ്ട് ഇതിനായി പൈപ്പ് കമ്പോസ്റ്റ്, ബയോഗ്യാസ് പ്ലാന്റുകൾ എന്നിവ സ്ഥാപിക്കുവാനുള്ള പദ്ധതികൾക്ക് പ്രോത്സാഹനവും സബ്സിഡിയും നൽകി വരുന്നുണ്ട്.

(സി) **നിലിവിൽ പല കോർപ്പറേഷനുകളും നടപ്പാക്കി വരുന്ന വികേന്ദ്രീകൃത മാലിന്യ സംസ്കരണ പദ്ധതികളുമായിശുചിത്വമിഷൻസഹകരിക്കുന്നുണ്ടോ; വിശദമാക്കാമോ;**

(സി) സഹകരിക്കുന്നുണ്ട്.

വികേന്ദ്രീകൃത മാലിന്യ സംസ്കരണ പദ്ധതിയുടെ ഭാഗമായി കോർപ്പറേഷനുകൾ സമർപ്പിക്കുന്ന ഉറവിട മാലിന്യ സംസ്കരണ പദ്ധതികൾക്ക് സാങ്കേതികാനുമതിയും സർക്കാർ സബ്സിഡി വിഹിതവും ശുചിത്വമിഷൻ നൽകിവരുന്നുണ്ട്.

(ഡി) **സംസ്ഥാനം നേരിടുന്ന മാലിന്യ പ്രശ്നത്തിന് ശുചിത്വ മിഷന്റെ പ്രവർത്തനഫലമായി നാളിതുവരെ എന്തെങ്കിലും പരിഹാരം കാണാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ;**

(ഡി) പരിഹാരം കാണാൻ കഴിഞ്ഞിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മാലിന്യ പരിപാലന മേഖലയിൽ ഏറ്റെടുക്കുന്ന പൊതു/വികേന്ദ്രീകൃത/ ഉറവിട മാലിന്യപരിപാലന പ്രോജക്ടുകൾക്ക് സാങ്കേതിക ഉപദേശം, പ്രൊജക്ടുകളുടെ സാങ്കേതിക പരിശോധനയും അംഗീകാരവും എന്നിവ ശുചിത്വ മിഷൻ

നൽകി വരുന്നുണ്ട്. പ്രോജക്ടുകൾക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള സാമ്പത്തിക സഹായവും നൽകി വരുന്നുണ്ട്. ഇപ്രകാരം സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന വികേന്ദ്രീകൃത മാലിന്യ സംസ്കരണ പദ്ധതികളുടേയും ഉറവിട മാലിന്യ സംസ്കരണ പദ്ധതികളുടേയും ഫലമായി സംസ്ഥാനം നേരിട്ടുകൊണ്ടിരിക്കുന്ന മാലിന്യ പ്രശ്നത്തിന് ഒരു പരിധി വരെ പരിഹാരം കാണാൻ കഴിഞ്ഞിട്ടുണ്ട്.

സെക്ഷൻ ഓഫീസർ